പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1595 — 04.12. 2015-ൽ മറുപടിക്ക്

## തെരുവുകച്ചവടക്കാരുടെ ക്ഷേമവും പുനരധിവാസവും

**ചോദ്യം**

ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി)

(എ) തെരുവുകച്ചവടക്കാരുടെ ക്ഷേമവും പുനരധിവാസവും ഉറപ്പുവരുത്താനുള്ള ദേശീയ നിയമം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) തെരുവ് കച്ചവടക്കാരുടെ ക്ഷേമവും പുനരധിവാസവും ഉറപ്പുവരുത്തുന്ന ദേശീയ നിയമം-2014 നടപ്പിലാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് സംസ്ഥാന നോഡൽ ഏജൻസിയായി നിയമിച്ചിട്ടുള്ളത്. നിയമം നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന ചട്ടം സർക്കാരിന്റെ പരിഗണനയിലാണ്. വഴിയോരക്കച്ചവട നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

നഗരകാര്യ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല ഉപദേശക വിലയിരുത്തൽ സമിതിയും, ജില്ലാകളക്ടർ അദ്ധ്യക്ഷനായി ജില്ലാതല സമിതിയും നഗരസഭാ സെക്രട്ടറി അദ്ധ്യക്ഷനായി നഗരകച്ചവട സമിതിയും, സമിതികളുടെ ചുമതലകളും നിർണ്ണയിച്ച് ഉത്തരവായിട്ടുണ്ട്. തെരുവ് കച്ചവടക്കാരെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തേണ്ടതും, സർട്ടിഫിക്കറ്റ് ലൈസൻസ് തുടങ്ങിയവ വിതരണം ചെയ്യേണ്ടതും. ഇവരുടെ പുനരധിവാസ നടപടികൾ കൈകൊള്ളേണ്ടതും നഗര കച്ചവട സമിതിയുടെ ചുമതലയാണ്. കൂടാതെ

പുനരധിവാസത്തിന്റെ ഭാഗമായി തെരുവ് കച്ചവട കേന്ദ്രങ്ങൾ കണ്ടെത്തി ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം ഹനിയ്ക്കപ്പെടാതെ സംരക്ഷിക്കേണ്ടതും നഗരകച്ചവടസമിതിയുടെ ചുമതലയാണ്. ടി പ്രവർത്തികൾക്കുള്ള പിന്തുണാ സംവിധാനവും, സാമ്പത്തിക സഹായവും നൽകുന്നത് എൻയുഎൽഎം നഗരങ്ങളിൽ കുടുംബശ്രീ മിഷനാണ്. മറ്റു നഗരങ്ങളിൽ നഗരസഭകൾ സ്വന്തം ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതാണ്.

(ബി) യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്താൻ സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) തെരുവ് കച്ചവടക്കാരെ നേരിൽ കണ്ട് വിശദമായ വിവരങ്ങൾ ശേഖരിക്കുന്ന സർവേകൾ നടത്താൻ നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ കോഴിക്കോട്, മലപ്പുറം നഗരസഭകളിൽ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വേയുടെ അടിസ്ഥാനത്തിൽ നഗരകച്ചവട കമ്മിറ്റിയാണ് യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി അംഗീകാരം നൽകേണ്ടത്.

(സി) തെരുവുകച്ചവടക്കാർ നടപ്പാതകൾ കൈയ്യേറി സഞ്ചാരസ്വതന്ത്ര്യം ഹനിക്കുന്നു എന്ന പരാതിയ്ക്ക് പരിഹാരമായി എന്തു നിർദ്ദേശമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ?

(സി) നഗരസഭാ സെക്രട്ടറി അദ്ധ്യക്ഷനായുള്ള നഗരകച്ചവട സമിതി, തെരുവ് കച്ചവട മേഖലയായി കണ്ടെത്തുന്ന പ്രദേശങ്ങളിലേയ്ക്ക് തെരുവ് കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിലൂടെ സഞ്ചാര സ്വാതന്ത്ര്യം ഹനിയ്ക്കപ്പെടാതെ സംരക്ഷിക്കുന്നതാണ് പരിഹാരമായി നിലവിലുള്ളത്.

സെക്ഷൻ ഓഫീസർ